# ആത്മനിവേദ്യം

**അനസ് മാള**



**കനലായുരുകി കലിമയുരത്ത്,**
കനിവും തേടിയിതാ ഞങ്ങൾ
വ്യർഥ ഭൗതികമോഹവിരക്തിയിൽ
അർഥികളാത്മനിവേദ്യങ്ങൾ.
വരുമൊരുകാലജീതരായ് മാറാൻ
പാരിൻ നശ്വരദാഹം വെടിഞ്ഞ്
പാപവിഴുപ്പുകൾ കഴുകിയകറ്റി,
തഖ്‌വയിൽ മുക്കി സ്വഛതയാർന്ന
വിരക്തിയുടുത്തു വീടണയട്ടെ,
പരനുടെ സവിധം ഇഹ്‌റാം പുൽകട്ടെ.
ചൊരിമണൽ തീക്കനൽമഴയിൽ
പ്രണുതിയുണർത്തട്ടെ
സൈകതഭൂവിൻ കനലുകളാലെ
ആഗതപാപങ്ങൾ മായ്ക്കട്ടെ
പെയ്തിടുമുഷ്ണശരങ്ങളീപുണ്യ-
ചെയ്തികൾക്കുൾപ്പുളകമാകട്ടെ.
ഖാത്തം നബിയുടെ മുത്തമണിഞ്ഞൊരാ
ഹജറുൽ അസ്‌വദിൻ നിർവൃതിയിൽ,
തിരുവരുളാൽ സഹസ്രാബ്ദങ്ങൾക്കപ്പുറം
ഖലീലുള്ളാഹ് പടുത്തൊരുഗേഹം
കഅബം ചുറ്റി നടക്കട്ടെ.
വേവും ത്യാഗചരിത്രസ്മൃതിതൻ
നോവുകൾ പേറി, ഹാജറയായി
സഫ-മർവാ സ്മൃതിയടിവാരം
സഅ്‌യിൻ കാൽപാടു രചിക്കട്ടെ
കളങ്കമുരുകി കണ്ണീരൊഴുകട്ടെ.
അർഥികൾ ഞങ്ങൾ ഇസ്മാഈലായി
സാർഥക നീരുറവനുകർന്ന്
ആത്മതൃഷ്ണ കെടുത്തട്ടെ
ആത്മീയനിറവിൻ മുസ്ദലിഫയിൽ
പ്രണുതിയുരത്ത് പാർക്കട്ടെ
ഹൃദയം തപിച്ച് ഇമയീറനണിഞ്ഞ്
ഇഹജീവിതപ്പാപക്കല്ലുകൾ
മിനയിലെറിഞ്ഞുകളയട്ടെ
നിസ്വർ, വേപാത്മകഹൃത്തർ ഞങ്ങൾ
നിന്നുടെ കലിമ ജപിക്കട്ടെ,
നിന്റെ മഹത്വം വാഴ്ത്തട്ടെ
ഹൃദയം നുള്ളിയെടുത്ത്
പൊരിമണലിൻ തപതല്പത്തിൽ
നിനക്ക് നിവേദ്യമാക്കിവെക്കട്ടെ.